KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**21.05.2009**

## എച്ച്ഐവി നിയന്ത്രണം:തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പരിശീലനം ഇന്നു മുതൽ

തൃശ്ശൂർ: തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന്റെ ഭാഗമായി ജില്ലയിൽ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഇന്ന് (മേയ് 22) മുതൽ പരിശീലനം നൽകുന്നു. എച്ച്ഐവി ബോധവത്കരണ, പ്രതിരോധ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കുന്നതിനായി ഇവരെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായാണ് പരിശീലനം.

പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ കൂടാതെ സെക്രട്ടറിമാർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ, കുടുംബശ്രീയുടെ സി.ഡി.എസ് ചെയർപേഴ്സൺ തുടങ്ങിയവരും പരിശീലനപരിപാടിയിൽ സംബന്ധിക്കും.

ജില്ലയുടെ വിവിധ കേന്ദ്രങ്ങളിലായാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ഇന്നു തുടങ്ങുന്ന പരിശീലനം ജൂൺ ആറിന് സമാപിക്കും. ഇന്ന് കില, 23ന് വെള്ളങ്ങല്ലൂർ ബ്ളോക്ക് ഹാൾ, 25ന് ചേലക്കര പഞ്ചായത്ത് ഹാൾ, 26ന് വടക്കാഞ്ചേരി ബ്ളോക്ക് ഹാൾ, 27ന് അന്തിക്കാട് ബ്ലോക്ക് ഹാൾ, 29ന് പുതുശ്ശേരി പഞ്ചായത്ത് ഹാൾ, 30ന് മുതുവാര കമ്മ്യൂണിറ്റി ഹാൾ, ജൂൺ ഒന്നിന് വാടനാപ്പള്ളി പഞ്ചായത്ത് ഹാൾ, രണ്ടിന് ചാവക്കാട് മുനിസിപ്പൽ ഹാൾ, മൂന്നിന് കൊടകര കുടുംബശ്രീ ഹാൾ, നാലിന് ഇരിങ്ങലാക്കുട ടൗൺ ഹാൾ, അഞ്ചിന് ചാലക്കുടി ബ്ളോക്ക് ഹാൾ, ആറിന് മതിലകം ബ്ലോക്ക് ഹാൾ എന്നിങ്ങനെയാണ് പരിശീലനപരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലുള്ളവർക്കു പരിശീലനം നൽകുന്നത് കിലയിലെ ഫാക്കൽറ്റി അംഗങ്ങളാണ്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നേരത്തെ ഇവർക്കു പരിശീലനം നൽകിയിരുന്നു. കാസർഗോഡ്, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ ജനപ്രതിനിധികൾക്കും ഇതോടൊപ്പം പരിശീലനം നൽകുന്നുണ്ട്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**